**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ മാജിത എം പി (Dr Majitha M P PEN 721031) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-PKD/1296/2014-A1 തീയതി 25.07.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/19213/2024-EA4 തീയതി 01.04.2025

3. ഉത്തരവ് നം DHS/19213/2024-EA4 തീയതി 12.10.2025

4. DMOH-PKD/5151/2014-A1 തീയതി 26.05.2025

**ഉത്തരവ് നം. DHS/19213/2024-EA4 തീയതി.04-02-2026**

ഡോ മാജിത എം പി (Dr Majitha M P PEN 721031), 17.01.2014 ന് ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പാലക്കാട് ചെറുപ്ലശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 09.05.2014 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ

വിലാസത്തിലേയ്ക്ക് അയച്ചു നൽകി. **“Left India”** എന്ന അഭിപ്രായം രേഖപ്പെടുത്തി തപാൽ വകുപ്പ് പ്രസ്തുത നോട്ടീസ് തിരികെ ലഭ്യമാക്കിയിരുന്നു. ഡോ മാജിത എം പി **(Dr Majitha M P PEN 721031)** യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കുന്നതിന് ടിയാൾക്ക് ഒരവസരം കൂടി നൽകി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി പരാമർശം **(3)** പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

**(2)** ടി സാഹചര്യത്തിൽ **09.05.2014** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മാജിത എം പി **(Dr Majitha M P PEN 721031),** അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ മാജിത എം പി **(Dr Majitha M P PEN 721031),** അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 04-02-2026
15:18:52

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Majitha M P,**

**Maniparmabath House, Venniyur (PO),**

**Malappuram**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

പാലക്കാട്.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

പ്രാഥമികാരോഗ്യ കേന്ദ്രം ചെർപ്പുളശ്ശേരി.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ